**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 343** | **06-03-2023 - ൽ മറുപടിയ്ക്ക്**

**സംയോജിത ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംയോജിത ചരക്ക് സേവന നികുതി പരിഷ്കരിയ്ക്കാത്തത് കാരണം സംസ്ഥാന സർക്കാരിന് കോടിക്കണക്കിന് രൂപ പ്രതിവർഷം നഷ്ടപ്പെടുന്നുവെന്ന് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ടോ; | (എ) | 16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | 16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) | സംയോജിത ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് ഒരു സർക്കാരിന്റെയും നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും ഐ.ജി.എസ്.ടി. ഇനത്തിൽ നികുതി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ